"ഭരണഭാഷ- മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

"കേരളീയം 2023"-സാമ്പത്തിക അനുമതി-വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എക്സ്‌പെൻഡിച്ചർ-എ) വകുപ്പ്**

**സ.ഉ.(കൈ.)നം.153/2023/ധന തീയതി,തിരുവനന്തപുരം, 13.10.2023**

പരാമർശം: 1. സ.ഉ (കൈ) നം.114/2023/പൊ.ഭ.വ തീയതി 13.07.2023

2. സ.ഉ.(സാധാ)നം.4073/2023/പൊ.ഭ.വ തീയതി 04.09.2023

3. 'കേരളീയം-2023' എക്സ്‌പെൻഡിച്ചർ കമ്മിറ്റിയുടെ 20.09.2023, 07.10.2023, 10.10.2023 തീയതികളിലെ യോഗങ്ങളുടെ മിനിട്സുകൾ.

4 09.10.2023 തീയതിയിലെ ടൂറിസം ഡയറക്ടറുടെ കത്തും, അതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരളീയം പ്രോഗ്രാം കമ്മിറ്റിയുടെ 09.10.2023 തീയതിയിലെ മിനിട്സും.

**<u>ഉത്തരവ്</u>**

ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ കഴിയും വിധം 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സെമിനാറുകളും അനുബന്ധ പരിപാടികളുമായി കേരളോത്സവം (കേരളീയം) 2023 സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 'കേരളീയം-2023' നടത്തിപ്പിന് വേണ്ടി വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2. 'കേരളീയം-2023' നടത്തിപ്പിന് രൂപീകരിച്ചിട്ടുള്ള വിവിധ സബ്‌കമ്മിറ്റികൾ യോഗം ചേർന്ന് ഓരോ കമ്മിറ്റിയേയും ഏൽപ്പിച്ചിട്ടുള്ള പരിപാടികൾ നടത്തുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും, ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം 3 ലെ എക്സ്‌പെൻഡിച്ചർ കമ്മിറ്റിയുടെ തീരുമാനങ്ങൾ പ്രകാരം വിവിധ സബ്‌കമ്മിറ്റികൾ തയ്യാറാക്കിയിട്ടുള്ള ബജറ്റ് പരിശോധിക്കുവാനും ക്രോഡീകരിക്കുവാനും പ്രോഗ്രാം കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് 09.10.2023 ന് കൂടിയ പ്രോഗ്രാം കമ്മിറ്റി വിവിധ സബ് കമ്മിറ്റികൾ സമർപ്പിച്ച ബജറ്റ് അംഗീകരിക്കുകയും ആയത് പരാമർശം 4 പ്രകാരം എക്സ്‌പെൻഡിച്ചർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. 10.10.2023 ന് കൂടിയ എക്സ്‌പെൻഡിച്ചർ കമ്മിറ്റി 27,12,04,575/- രൂപയുടെ ബജറ്റ് പരിഗണനയ്ക്ക് വേണ്ടി ധനവകുപ്പിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രോഗ്രാം കമ്മിറ്റി അംഗീകരിച്ച വിവിധ കമ്മിറ്റികളുടെ ബജറ്റ് ചുവടെ ചേർക്കുന്നു;

| ക്രമ നം | കമ്മിറ്റി | ബജറ്റ് (രൂപ) |
|---|---|---|
| 1. | സെമിനാർ കമ്മിറ്റി | 2,00,000 |
| 2 | കൾച്ചറൽ കമ്മിറ്റി | 3,14,80,575 |

| | | |
|---|---|---|
| | | |
| 3 | ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റി | 85,00,000 |
| 4 | റിസപ്ഷൻ & അക്കോമഡേഷൻ കമ്മിറ്റി | 1,81,58,400 |
| 5 | ട്രേഡ് ഫെയർ കമ്മിറ്റി | 69,86,600 |
| 6 | എക്സിബിഷൻ കമ്മിറ്റി | 9,39,00,000 |
| 7 | ഇല്യൂമിനേഷൻ കമ്മിറ്റി | 2,97,50,000 |
| 8 | ഫ്ളവർ ഷോ കമ്മിറ്റി | 81,50,000 |
| 9 | ഫിലിം ഫെസ്റ്റിവൽ കമ്മിറ്റി | 60,00,000 |
| 10 | സ്പോൺസർഷിപ്പ് കമ്മിറ്റി | 1,00,000 |
| 11 | സെക്യൂരിറ്റി കമ്മിറ്റി | 31,17,000 |
| 12 | വോളന്റിയർ കമ്മിറ്റി | 35,91,000 |
| 13 | ട്രാൻസ്പോർട്ട് കമ്മിറ്റി | 1,98,00,000 |
| 14 | മീഡിയ & പബ്ലിസിറ്റി കമ്മിറ്റി | 3,98,62,000 |
| 15 | പ്രോഗ്രാം കമ്മിറ്റി | 16,09,000 |
| | **ആകെ** | **27,12,04,575** |

3. കേരളീയം നടത്തിപ്പിനു വേണ്ടി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള ബജറ്റ്, സർക്കാർ വിശദമായി പരിശോധിക്കുകയും, മുൻ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം വിവിധ കമ്മിറ്റികൾ സമർപ്പിച്ചിട്ടുള്ള ആകെ 27,12,04,575/- (ഇരുപത്തിയേഴ് കോടി പന്ത്രണ്ടു ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച്) രൂപയുടെ ബജറ്റ് അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഓരോ കമ്മിറ്റിയുടേയും വിശദമായ ബജറ്റ് എസ്റ്റിമേറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. കേരളീയം പരിപാടി നടത്തിപ്പിന് ചുവടെ പറയുന്ന ധനവിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും ഉത്തരവാകുന്നു;

i. 'കേരളീയം' സംബന്ധിച്ച ചെലവുകൾ ടൂറിസം വകുപ്പിന്റെ "3452-80-104-99- Conservation, Preservation and Promotion of Heritage, Environment & Culture-Plan Voted" എന്ന കണക്ക് ശീർഷകത്തിൽ നിന്നാണ് വഹിക്കേണ്ടത്. എല്ലാ ചെലവുകളും സ്റ്റോർ പർച്ചെയ്സ് മാനുവലും, സർക്കാർ പണം വിനിയോഗിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങളും, ചട്ടങ്ങളും, നിലവിലുള്ള സർക്കാർ ഉത്തരവുകളും പാലിച്ചായിരിക്കണം നടത്തേണ്ടത്.

ii. മേൽപ്പറഞ്ഞ കണക്ക് ശീർഷകത്തിൽ അനുവദിക്കുന്ന തുക ടൂറിസം ഡയറക്ടർ ഓരോ കമ്മിറ്റിയുടേയും ആവശ്യകത അനുസരിച്ച് കൺവീനർമാരുടെ പേരിലുള്ള STSB അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

iii. STSB അക്കൗണ്ടിൽ അനുവദിക്കുന്ന തുക വൗച്ചറുകൾ ഉൾപ്പെടെയുള്ള നടപടിക്രമം വഴി മാത്രമേ ട്രഷറിയിൽ നിന്നും പിൻവലിക്കാവൂ. അന്തിമ ഗുണഭോക്താവിനു(End Beneficiary) മാത്രമേ തുക അനുവദിക്കാവൂ.

iv. മുൻകൂറായി ആവശ്യമുള്ള തുക കമ്മിറ്റി കൺവീനർമാർ രേഖാമൂലം ടൂറിസം ഡയറക്ടറോട് ആവശ്യപ്പെടേണ്ടതാണ്. ഓരോ കമ്മിറ്റിയുടേയും അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വിഹിതത്തിന്റെ 10% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണോ കുറവ് പരമാവധി പ്രസ്തുത തുക വരെ മുൻകൂറായി അനുവദിക്കാൻ ടൂറിസം ഡയറക്ടർക്ക് അധികാരമുണ്ടാകും. ഫ്ളവർ ഷോ കമ്മിറ്റിയ്ക്ക് ആകെ ബജറ്റ് തുകയുടെ 50% ഉം, എക്സിബിഷൻ, കൾച്ചറൽ കമ്മിറ്റികൾക്ക് ബജറ്റ് തുകയുടെ 75% ഉം ആവശ്യകതയ്ക്ക് അനുസരിച്ച് മുൻകൂർ അനുവദിക്കാവുന്നതാണ്.

v. എല്ലാ പണമിടപാടുകളും WAMS മുഖേന ചെക്കുകൾ വഴി മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

vi. എല്ലാ കമ്മിറ്റികൾക്കും പരമാവധി 25,000/- രൂപ വരെ മാത്രമേ പണമായി ചെലവാക്കാൻ കഴിയുകയുള്ളൂ. പണമായി പിൻവലിക്കുന്ന തുക ഭക്ഷണം, ഗതാഗതം, താമസ സൗകര്യം തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാൻ പാടില്ല, അക്കൗണ്ട് ട്രാൻസ്ഫർ സാധ്യമല്ലാത്ത മറ്റ് അത്യാവശ്യ ചെലവുകൾക്ക് മാത്രമേ പണം ഉപയോഗിക്കാൻ പാടുള്ളൂ.

vii. ഓരോ കമ്മിറ്റിയുടേയും ചെലവുകൾ ഓരോ ഘടകങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വകയിരുത്തലിൽ പരിമിതപ്പെടുത്തണം. ഘടകങ്ങൾ (പരിപാടികൾ) നടത്തുന്നതിന് തുക അനുവദിച്ച് കൊണ്ട് ഓരോ കമ്മിറ്റിയും പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കണം. ഒരു കമ്മിറ്റിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ആകെ ചെലവിനുള്ളിൽ നിന്ന് കൊണ്ട് ഘടകങ്ങളിൽ മാറ്റം വരുത്തി തുക റീ-അലോട്ട് ചെയ്ത് നൽകുവാൻ പ്രോഗ്രാം കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.

viii. കേരളീയത്തിന് അനുവദിച്ചിട്ടുള്ള ആകെ ബജറ്റിനുള്ളിൽ നിന്ന് കൊണ്ട് വിവിധ കമ്മിറ്റികൾക്ക് അനുവദിച്ചിട്ടുള്ള ചെലവുകളിൽ മാറ്റം വരുത്തുവാൻ എക്സ്പെൻഡിച്ചർ കമ്മിറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കും.

ix. എല്ലാ പണമിടപാടുകളും കൺവീനർ പുറപ്പെടുവിക്കുന്ന നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടത്താൻ പാടുള്ളൂ. പണമിടപാടുകൾക്ക് വൗച്ചറുകൾ പാസ്സാക്കാൻ കൺവീനർ അധികാരപ്പെടുത്തുന്ന കമ്മിറ്റി അംഗത്തിന് അധികാരമുണ്ടായിരിക്കും. കൺവീനർ പുറപ്പെടുവിക്കുന്ന 15,000/- രൂപയും മുകളിൽ ഉള്ള എല്ലാ പണമിടപാടുകൾക്കും അതാത് കമ്മിറ്റി അംഗീകാരം നൽകണം.

x. ഇടപാടുകൾ നടത്തുന്നതിന് ഓരോ കമ്മിറ്റിയും Cash Book, Cheque Issue Register, Allotment Register എന്നിവ സൂക്ഷിക്കണം. പ്രസ്തുത കാര്യത്തിന് ഒരാളെ ചുമതലപ്പെടുത്തേണ്ടതാണ്. കമ്മിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ള ആകെ ബജറ്റിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തുന്നതിന് ഓരോ കമ്മിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതികളുടെ രജിസ്റ്റർ സൂക്ഷിക്കണം. പുറപ്പെടുവിക്കുന്ന ഭരണാനുമതി ബജറ്റ് തുക അധികരിക്കുന്നില്ലായെന്ന് കൺവീനർ ഉറപ്പാക്കണം.

xi. സ്പോൺസർഷിപ്പ് വഴി തുക ലഭിക്കുന്നു എങ്കിൽ അത് കേരളീയത്തിനു വേണ്ടി ആരംഭിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ SB അക്കൗണ്ടിൽ നിക്ഷേപിക്കണം. പ്രസ്തുത തുക കമ്മിറ്റികൾ നേരിട്ട് ചെലവഴിക്കാൻ പാടുള്ളതല്ല. ഒരു കാരണവശാലും ടി തുകകൾ കൺവീനർമാരുടെ STSB അക്കൗണ്ടിലും നിക്ഷേപിക്കുവാൻ പാടില്ല. മേൽ പറഞ്ഞ SB അക്കൗണ്ടിൽ ലഭിക്കുന്ന തുക അക്കൗണ്ട് ഉടമയായ ഉദ്യോഗസ്ഥൻ "1452-00-800-69-Receipt in connection with the conduct of Keraleeyam" ശീർഷകത്തിൽ ഒടുക്കണം.

xii. കേരളീയം സംബന്ധിച്ച മുഴുവൻ ചെലവുകളും സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് ചെയ്യുന്നതാണ്.

xiii. ഓരോ കമ്മിറ്റിയുടേയും കണക്കുകൾ ബന്ധപ്പെട്ട കൺവീനറുടെ വകുപ്പിലെ Finance Officer/Administrative Officer/Planning ഓഫീസ`റുടെ നേതൃത്വത്തിലുള്ള ആഭ്യന്തര ഓഡിറ്റ് കമ്മിറ്റി ഓഡിറ്റ് നടത്തേണ്ടതാണ്.

xiv. ആഭ്യന്തര ഓഡിറ്റ് കമ്മിറ്റി ഓഡിറ്റ് ചെയ്ത് പാസാക്കിയ ചെലവ് പത്രികയാണ് ടൂറിസം ഡയറക്ടർക്ക് നൽകേണ്ടത്.

xv. പരിപാടി കഴിഞ്ഞ് ഒരുമാസത്തിനകം ആഭ്യന്തര ഓഡിറ്റ് പൂർത്തിയാക്കി ചെലവ് പത്രിക ടൂറിസം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

xvi. ടൂറിസം ഡയറക്ടർ കേരളീയം പരിപാടി കഴിഞ്ഞ് 3 മാസത്തിനുള്ളിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്ത ചെലവ് പത്രിക ധനകാര്യവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

xvii. പരിപാടി സംബന്ധിച്ച മുഴുവൻ ഡോക്യുമെന്റേഷനും I&PR വകുപ്പ് നടത്തേണ്ടതാണ്.

xviii. കേരളീയം 2023-ന്റെ നടത്തിപ്പിനായി 13.07.2023 ലെ സ.ഉ.(കൈ)നം. 114/2023/പൊഭവ ഉത്തരവിന്റെ അനുബന്ധത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പശ്ചാത്തല സൗകര്യത്തിനും, ആവർത്തന ചെലവിനും ആവശ്യമായ തുക അതാത് വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പ്ലാൻ വിഹിതത്തിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് വഹിക്കാവുന്നതാണ്. ഓരോ വകുപ്പിനും അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്നും കേരളീയം പരിപാടി നടത്തിപ്പിന് തുക അനുവദിക്കുവാൻ ഭരണ വകുപ്പിന് ധനനിയോഗ അധികാരം ഉണ്ടായിരിക്കും. അത്തരത്തിൽ തുക അനുവദിക്കുന്നത് ടൂറിസം ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം. വകുപ്പുകളുടെ തനത് ശീർഷകങ്ങളിൽ നിന്നും തുക അനുവദിക്കുമ്പോൾ പ്രസ്തുത തുക ബന്ധപ്പെട്ട കമ്മിറ്റിയുടെ ബജറ്റ് വിഹിതം അധികരിക്കുന്നില്ല എന്ന് ടൂറിസം ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനൊപ്പം ബന്ധപ്പെട്ട ഭരണ വകുപ്പിന് സമർപ്പിക്കണം.

xix. പ്രൊഫഷണൽ പരിപാടികൾക്ക് ബന്ധപ്പെട്ട സംഘങ്ങൾ/സമിതികൾ പൊതുവെ ഈടാക്കുന്ന നിരക്കുകൾ കൾച്ചറൽ കമ്മിറ്റി ആരാഞ്ഞ് അതിൽ നിന്നും പരമാവധി കുറവ് വരുത്തി കേരളീയത്തിന് വേണ്ടി പരിപാടി നടത്താൻ ശ്രമിക്കണം.

xx. ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റിയ്ക്ക് ആവശ്യമായ പ്രചാരണം മീഡിയ & പബ്ലിസിറ്റി കമ്മിറ്റി വഴി നടത്തണം. പബ്ലിസിറ്റി ആവശ്യത്തിന് മറ്റൊരു കമ്മിറ്റികളും പ്രത്യേകം തുക ചെലവഴിക്കാൻ പാടില്ല.

xxi. റിസപ്ഷൻ ആൻഡ് അക്കോമഡേഷന് പരമാവധി സർക്കാർ സംവിധാനങ്ങൾ ഉപയോഗിക്കണം. സ്വകാര്യ ഹോട്ടലുകളുടെ കാര്യത്തിൽ താമസിക്കുന്ന റൂമുകൾക്ക് മാത്രം വാടക നൽകുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തണം.

xxii. ജി.എസ്.റ്റി., ഇൻകം ടാക്സ് എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതയ്ക്കായി ജി.എസ്.റ്റി. കമ്മീഷണർ/ഇൻകം ടാക്സ് വകുപ്പ് എന്നിവരുമായി കമ്മിറ്റി കൺവീനർമാർ ചർച്ച ചെയ്യണം.

xxiii. ട്രാൻസ്പോർട്ട് കമ്മിറ്റി വിമാന ടിക്കറ്റുകൾ ODEPC വഴി എടുക്കണം. പരമാവധി സർക്കാർ വാഹനങ്ങൾ ഉപയോഗിക്കണം, വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങളുടെ എണ്ണം പരിമിതപ്പെടുത്തണം.

**xxiv.** എല്ലാ കമ്മിറ്റികൾക്കും ആവശ്യമായ താമസ സൗകര്യം, ഗതാഗതം, ഇല്യുമിനേഷൻ, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവ ബന്ധപ്പെട്ട കമ്മിറ്റികൾ വഴി തന്നെ നടത്തണം. പ്രസ്തുത ആവശ്യങ്ങൾക്ക് മറ്റു കമ്മിറ്റികൾ തുക ചെലവഴിക്കാൻ പാടില്ല

**xxv.** കേരളീയം നടത്തിപ്പിന് സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ ഉപയോഗിക്കുന്നതിന് പണം അനുവദിക്കില്ല. ഫിലിം ഫെസ്റ്റിവലിന് സർക്കാർ/സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തീയറ്ററുകൾക്ക് വാടക അനുവദിക്കില്ല.

**xxvi.** ഏതെങ്കിലും കമ്മിറ്റികൾ നടത്തുന്ന പരിപാടികൾ/ഇനങ്ങൾക്ക് സ്പോൺസർമാർ ഡയറക്ട് പേയ്മെന്റ് നടത്താൻ സന്നദ്ധമായാൽ ആയതിന് അനുമതി നൽകാവുന്നതാണ്. എന്നാൽ ബജറ്റ് പ്രകാരം പ്രസ്തുത പരിപാടി/ഇനത്തിന് ബന്ധപ്പെട്ട കമ്മിറ്റിക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് സ്പോൺസർമാർ ചെലവാക്കിയ തുക കുറവ് ചെയ്യേണ്ടതാണ്. ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾക്കൊപ്പം ടി പരിപാടി നടത്തിപ്പിന് സ്പോൺസർഷിപ്പ് വഴി പേയ്മെന്റ് നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കേണ്ടതാണ്.

**xxvii.** സബ് കമ്മിറ്റി കൺവീനർമാരുടെ പേരിൽ STSB അക്കൗണ്ട് തുറക്കുന്നതിന് ധനവകുപ്പ് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അതിനുവേണ്ടി കമ്മിറ്റികൾ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതില്ല.

**xxviii.** കേരളീയവുമായി ബന്ധപ്പെട്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും (Infrastructure) കിഫ്ബിയുടെ ചെലവിൽ ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. ഇതു സംബന്ധിച്ച ബജറ്റ് കിഫ്ബി പരിശോധിച്ച് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**xxix.** കേരളീയം നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രോഗ്രാമുകൾ നടത്തുന്നതിനായി പുറമെ നിന്നും പങ്കെടുക്കുന്ന വ്യക്തികൾക്കല്ലാതെ സർക്കാർ ഉദ്യോഗസ്ഥർക്കോ, താത്ക്കാലിക ജീവനക്കാർക്കോ, വോളന്റിയർമാർക്കോ, മറ്റ് സന്നദ്ധ പ്രവർത്തകർക്കോ യാതൊരുവിധ പ്രതിഫലവും അനുവദിക്കാൻ പാടില്ല.

**xxx.** പ്രോഗ്രാം നടത്തിപ്പിന് പ്രൊഫഷണൽ സംഘങ്ങൾ/ആർട്ടിസ്റ്റുകൾ ഒഴികെ ആർക്കെങ്കിലും വ്യക്തിഗതമായ പ്രതിഫലം നൽകണം എങ്കിൽ ആയത് പ്രസ്തുത സബ് കമ്മിറ്റികൾ നിരക്കുകൾ അംഗീകരിച്ച് പ്രോഗ്രാം കമ്മിറ്റിയ്ക്ക് നൽകണം. പ്രോഗ്രാം കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ അത്തരം പ്രതിഫലം അനുവദിക്കാൻ പാടുള്ളു.

xxxi. അനുബന്ധത്തിൽ ചേർത്തിട്ടുള്ള പ്രകാരം വിവിധ ഘടകങ്ങൾക്ക് പ്രത്യേക തുക പരാമർശിച്ചിട്ടുണ്ട് എന്നതുകൊണ്ട് ടി തുക അനുവദിക്കുന്നതിനുള്ള അനുമതി ഉത്തരവ് അല്ല കമ്മിറ്റികൾ സമർപ്പിച്ചിട്ടുള്ള ബജറ്റാണ് പരാമർശിച്ചിട്ടുള്ളത്. ഓരോ ഘടകങ്ങൾക്കും അനുബന്ധത്തിൽ പരാമർശിച്ചിട്ടുള്ള തുക അധികരിക്കാതെ മേൽപ്പറഞ്ഞ പൊതുമാനദണ്ഡങ്ങൾ അനുസരിച്ച് ചെലവുകൾ നടത്തേണ്ടതാണ്.

xxxii. പ്രചരണ ഉപാധികളുടെ നിർമ്മാണം, പ്രചാരണം എന്നിവ നിലവിലുള്ള പിആർഡി നിരക്കുകൾ പ്രകാരം ആയിരിക്കണം. തുക അനുവദിക്കുന്നതിനു നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്യണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കേശവേന്ദ്രകുമാർ ഐ.എ.എസ്.**
സ്പെഷ്യൽ സെക്രട്ടറി
ധനകാര്യ (വ്യയം) വകുപ്പ്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II), കേരള, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതു ഭരണം, നിയമം ഉൾപ്പടെയുള്ള എല്ലാ വകുപ്പുകൾക്കും, കേരളീയം നടത്തിപ്പിനുള്ള എല്ലാ കമ്മിറ്റി/സബ് കമ്മിറ്റി ചെയർമാൻമാർക്കും, കൺവീനർമാർക്കും.
4. എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
5. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറിമാർ.
6. ഗവർണറുടെ സെക്രട്ടറി.
7. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
8. പ്രതിപക്ഷ നേതാവിന്റേയും ഗവണ്മെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ.
9. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
10. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
11. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
12. എല്ലാ ജില്ലാ ട്രഷറികൾക്കും, സബ് ട്രഷറികൾക്കും.
13. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് www.finance.kerala.gov.in (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
14. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E-2568851)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

### 1.സെമിനാർ കമ്മിറ്റി

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | സ്റ്റേഷനറി | 2,00,000 |
| 2 | പ്രിന്റിംഗ് | |
| 3 | വാഹനം | |
| 4 | പലവക ചെലവുകൾ | |
| ആകെ | | **2,00,000** |

### 2.കൾച്ചറൽ കമ്മിറ്റി

കൾച്ചറൽ കമ്മിറ്റിയുടെ വേദി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ൽ ചേർത്തിരിക്കുന്നു.

| Sl No. | Venue | Amount |
|---|---|---|
| 1 | Central Stadium | 16065500 |
| 2 | Nisagandhi | 2387000 |
| 3 | Tagore | 1411575 |
| 4 | Putharikandam | 913000 |
| 5 | Senate Hall | 979000 |
| 6 | Bharat Bhavan Mannarangu | 330000 |
| 7 | Thycaud Police Ground | 2090000 |
| 8 | Vivekananda Park | 339900 |
| 9 | Keltron Compound | 244200 |
| 10 | Tagore Open Air Theatre | 300000 |
| 11 | Bharat Bhavan AC Hall | 330000 |

| | | |
|---|---|---|
| 12 | Bala Bhavan | 319000 |
| 13 | Panchayath Association Hall | 619300 |
| 14 | Sooryakanthi | 561000 |
| 15 | Museum Radio Park | 342100 |
| 16 | University College | 770000 |
| 17 | SMV School | 551100 |
| 18 | Gandhi Park | 427900 |
| 19 | Street Venues | 2500000 |
| | **TOTAL** | **31480575** |

## 3.ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റി

| Sl.No. | Component | Amount |
|---|---|---|
| 1 | **Branded Food Festival-Kanakakkunnu** | |
| | Branding of 10 selected food item-through an empanelled agency | 192000 |
| | Miscellaneous | 350000 |
| 2 | Street Food Festival-<br>Street Arts forms(Special shows arranged by food festival committee) | 105000 |
| 3 | **Pazhama- Tradition Food fest-Manaveeyam** | 3,50,000 |
| 4 | Food Show-Sooryakanthi-Travel(Reimbursing Actual Cost) | 2,28,000 |
| | Miscellaneous | 600000 |
| 5 | Talk show- Vloggers- High tea with Minister & Hall Rent | 30000 |

| | | |
|---|---|---|
| | Miscellaneous | 3,96,000 |
| 6 | **Food Related Competitions at Suryakanthi** | |
| | Conducting cookery Competition(Providing basic infrastructure to the participants) | 600000 |
| | Prize for cookery Competition Winners | 300000 |
| | Prize for Winners of Quiz Competition from audience | 300000 |
| | Prize Coupons Printing Charge | 6000 |
| 7 | Cleaning Charges(since using common dining area separate cleaning staffs to be engaged for cleaning the dining area, which do not come under the purview of Corporation) | 35,00,000 |
| 8 | **Miscellaneous** | 15,43,000 |
| | TOTAL | **85,00,000** |

## 4.റിസ്പഷൻ & അക്കോമഡേഷൻ

| Sl.No. | Purpose | Amount in Rs. (8 Days) |
|---|---|---|
| 1 | Accommodation of Delegates in Hotels and GHs (Rs.5000/day) | 5000*200*8=80,00,000 |
| 2 | Food Expenses for Delegates | 3000*200*8=48,00,000 |
| 3 | Bharat Scouts and Guides | 10000*8=80,000 |

| | | |
|---|---|---|
| | 64 bed dormitory(Rs.10000/day) | |
| 4 | Shikshak Sadan<br>15 Double room (Rs.700/day) & 8 bed dormitory (Rs.2800/day) | 15*700*8=84,000<br>2800*8=22,400 |
| 5 | Youth Hostel, Veli<br>60 bed dormitory(Rs.175/bed/day) | 60*175*8=84,000 |
| 6 | Kerala Water Authority<br>15 Non A/C Room(Rs.600/day) & 2 A/C Room(Rs.1000/day) | 15*600*8=72,000<br>2*1000*8=16000 |
| 7 | Provisioning for meeting the accommodation demands from other committees | 50,00,000 |
| | **TOTAL** | **1,81,58,400/-** |

## 5. ട്രേഡ് ഫെയർ കമ്മിറ്റി

| Sl.No. | Items | Amount |
|---|---|---|
| 1. | Cost for carrying products and articles from home station & Trivandrum & back | 1925000 |
| 2. | Installation and reassembling of Demonstrations | 650000 |
| 3. | Cost for providing common back drops for each stall | 1100000 |
| 4 | Maintaining Green Protocol | 500000 |
| 5 | Unforeseen miscellaneous Expenses | 1812500 |
| 6 | Cost of arranging venues for private players | 999100 |
| | **Total** | **69,86,600** |

## 6.എക്സിബിഷൻ കമ്മിറ്റി

A. Cost for Designs, Curation And Fabrication(Beyond PWD Scope)

| Sl.No | Name of Exhibition | Venue | Amount |
|---|---|---|---|
| 1 | Public Policy & Progress | Central Stadium | 70 Lakh |
| 2 | Production & Services (Industrial Exhibition) | Putharikkandam | 40 Lakh |
| 3 | Innovation & Talents (IT, Start up and Skill Demo) | Kanakakkunnu | 50 Lakh |
| 4 | Knowledge, Economy & More(Higher Education) | University College | 100 Lakh |
| 5 | The fourth Pillar (Media Exhibition) | Tagore | 78 Lakh |
| 6 | Cultural exhibition | Kanakakkunnu | 99 Lakh |
| 7 | Women | Ayyankali Hall, inside | 24 Lakh |
| 8 | Visual Arts | Fine Arts College Gallery | 50 Lakh |
| 9 | Sideline exhibition as approved by the cost | At appropriate venues | 20 Lakh |

| | | | |
|---|---|---|---|
| | committee. | | |
| | Total (GST not included) | | **531 Lakhs** |

**B. Installation at Various Locations**

| Sl.No. | Name of Special Exhibition | Venue(s) | Amount |
|---|---|---|---|
| 1 | 13 Young Contemporary Artists Graffitti | Manaveeyam Veethi | 15.5 Lakh |
| 2 | Special exhibition of differently abled artists | Tagore Theatre outdoor pavillion | 16 Lakh |
| 3 | Special Photography exhibition on Kerala Culture Heritage & Architecture | Suitable locations decided by the Exhibition Committee | 17 Lakh |
| 4 | Installation | Suitable locations decided by the Exhibition Committee | 33 Lakh |
| 5 | Installation | Suitable locations decided by the Exhibition Committee | 20 Lakh |
| 6 | Installation Water resources | Putharikandam | 20 Lakh |
| 7 | 2 installations | Suitable locations decided by the Exhibition Committee | 9 Lakh |
| 8 | Installation | Suitable locations decided by the Exhibition Committee | 20.5 Lakh |
| 9 | Reels of Change | On available LED Walls | 40 Lakh |

| | | | |
|---|---|---|---|
| 10 | Recreation of Kerala's Handicraft Villages | Central Stadium and installation at various locations | 50 Lakh |
| 11 | 20 installations | Rural and urban locations in Thiruvananthapuram | 25 Lakh |
| 12. | Water conservation | Various venues | 43 Lakhs |
| 13 | Branded Identity Design | Chandrasekharan Nair Stadium | 21 Lakh |
| 14 | Drummers of Gods Own Country | Chandrasekharan Nair Stadium | 68 Lakh |
| 15 | Planet Malayalam | | 10 Lakh |
| | Total | | **408 Lakh** |
| | Grand Total 5,31,00,000+4,08,00,000 | | **9,39,00,000** |

**7.ഇല്യുമിനേഷൻ കമ്മിറ്റി**

| Streets/Pathways | Includes | Amount |
|---|---|---|
| Kowdiar Vellayambalam | Illumination,light elements,generator & fuel | 9000000 |
| Vellayambalam to LMs | | |
| Manaveeyam to Tagore | | |
| LMS-Muscat-Assembly Hall Enter | | |
| LMS to Statue | | |
| Statue to Attakulangara Junction | | |
| Tagore-Thycaud Police Ground(stage) | Additional area to cover(additional 1.5Kms) | 1200000 |
| Bakery-Zam Zam-MLA hostel(food court) | Additional area to cover(additional 1 Kms) | 800000 |

| | | |
|---|---|---|
| Illumination Main Junctions(Kowdiar, Vellayambalam,LMS, Palayam,University) | Important areas | 1000000 |
| Kanakakkunnu(Main Illumination venue) | Keraleeyam logo big installation,Laserman, UV stage,lighting & illumination | 5000000 |
| Tagore | Themed illumination | 2000000 |
| Museum | Kids focus theme illumination | 2200000 |
| Central Stadium | Themed illumination | 1500000 |
| Putharikandam | Themed illumination | 1000000 |
| Secretariat & All Annexe Buildings | Themed illumination | 2600000 |
| University College | Themed illumination | 2200000 |
| Mascot Hotel | | |
| Jimmy George Stadium | | |
| Senate Hall | | |
| Jawahar Bala Bhavan | | |
| LMS Compound | | |
| | Additional provisions(Consultancy, artists engaged for creative works)- Considering team of 25 artists working 15 days * 2000 per day | 750000 |
| | Miscellaneous Expenses(additional fuel, contingency etc.) | 500000 |

| | TOTAL | 29750000 |
|---|---|---|

## 8.ഫ്ലവർ ഷോ കമ്മിറ്റി

| Sl.No. | Items | Amount |
|---|---|---|
| 1 | Purcahse of Plants including Transportation | 19,50,000 |
| 2 | Loading, Unloading and Maintenance of Plants | 1,00,000 |
| 3 | Labour Charges at Show grounds for 11 days | 4,00,000 |
| 4 | Floral Arts & Vegetables Carving festival | 6,00,000 |
| 5 | Judging, Certificates, Price, Money, Mementoes, Honararium | 1,00,000 |
| 6 | Display requirements | 1,00,000 |
| 7 | Floral Installations | 45,50,000 |
| 8 | Beautification of Parks | 2,50,000 |
| 9 | Miscellaneous | 1,00,000 |
| | **TOTAL** | **81,50,000** |

## 9.ഫിലിം ഫെസ്റ്റിവൽ കമ്മിറ്റി

| Sl.No. | Head | Amount |
|---|---|---|
| 1 | Signature Film | Rs.1,50,000/- |
| 2 | Film Rental/Screening Fee | Rs.30,00,000/- |
| 3 | Theatre (Technical Support And Sound - Calibration) | Rs.5,00,000/- |
| 7 | Miscellaneous | Rs.23,50,000/- |

| | | |
|---|---|---|
| | **Total** | **Rs.60,00,000/-** |

## 10.സ്പോൺസർഷിപ്പ് കമ്മിറ്റി

| | |
|---|---|
| **Total** | **1,00,000** |

## 11.സെക്യൂരിറ്റി കമ്മിറ്റി

| Sl.No | Items | Total No | Unit Price/Remuneration(Per day) | Total (one Day) | Total (7 days) |
|---|---|---|---|---|---|
| 1 | CCTV Camera | 27 | 800 | 270*800= 2,16,000 | 15,12,000 |
| 2 | Refreshment for SPOs | 200 | 100 | 20,000 | 1,40,000 |
| 3 | Refreshment for Police Personnel | 500 | 100 | 50,000 | 3,50,000 |
| 4 | Remuneration to SPOs | 200 | 600 | 1,20,000 | 8,40,000 |
| 5 | Printing cost of T-Shirt(for SPOs) | 200 | 250 | | 50,000 |
| 6 | PA System | 2 | 12,500 | 25,000 | 1,75,000 |
| 7 | Incidental expenses/Ropes | | | 50,000 | 50,000 |
| | **Total** | | | **Rs. 31,17,000/-** | |

## 12.വോളന്റിയർ കമ്മിറ്റി

| | | | |
|---|---|---|---|
| | Total requirement per day including reserves | 1300 | |
| a | **Food & Refreshment** | | |
| | Per head food & refreshment cost | 220 | |
| | Total food & Refreshment expense per day | 1300*220 | 2,86,000 |
| | **Total allocation needed for food & refreshments for 7 days** | **2,86,000*7** | **20,02,000** |
| b | **Certificates** | | |
| | Total no of certificates to be issued | 4000 | |
| | Cost per certificate | 25 | |
| | **Total allocation needed for certificates** | **4000*25** | **100000** |
| c | **Training** | | |
| | Training expense (refreshment and snacks) | 39000 | |
| | **Total allocation for volunteer training** | | **39000** |
| d | **Volunteer Kit** | | |
| | T shirts (Total T- Shirts needed for 7 days is 4000) | 4000*300 | 12,00,000 |
| | Badges & Cap | 4000*50 | 2,00,000 |
| | Cost | | 1400000 |
| | Miscellaneous expenses | | 50000 |
| e | **Total Budget demand** | | **35,91,000** |

## 13.ട്രാൻസ്പോർട്ട് കമ്മിറ്റി

| SL.NO | DESCRIPTION | TOTAL(RS) |
|---|---|---|
| 1 | FLIGHT CHARGES | 10000000 |
| 2 | CABS CRYSTA 12 HOUR | 1747500 |
| 3 | CABS SEDAN 12 HOUR | 1597500 |
| 4 | OTHERS | 64,55,000 |
| | | **1,98,00,000** |

## 14.മീഡിയ & പബ്ലിസിറ്റി കമ്മിറ്റി

### I. മീഡിയ & പബ്ലിസിറ്റി

| നമ്പർ | ഐറ്റം | രൂപ |
|---|---|---|
| 1) | മീഡിയ സെന്റർ സജ്ജീകരണം, മേശ, കസേര, പാർട്ടീഷൻ അനുബന്ധ സൗകര്യങ്ങൾ | 2,00,000/- |
| 2) | കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ, വാടക | 2,00,000/- |
| 3) | ഇന്റർനെറ്റ്, വൈഫൈ, നെറ്റ് വർക്കിംഗ് | 25,000/- |
| 4) | താമസം, ഭക്ഷണ ചെലവ് | 11,00,000/- |
| 5) | ട്രാൻസ്പോർട്ടേഷൻ | 1,50,000/- |
| 6) | സ്റ്റേഷനറി | 20,000/- |
| 7) | വീഡിയോ എഡിറ്റർമാരുടെ പ്രതിഫലം | 25,000/- |
| 8) | ന്യൂഡൽഹി, ദേശീയ അന്തർ ദേശീയ മീഡിയ ഡെസ്ക്, അനുബന്ധ പബ്ലിസിറ്റി പ്രവർത്തനങ്ങൾ | 3,00,000/- |
| 9) | മറ്റ് ചെലവുകൾ | 1,30,000 |
| | **ആകെ** | **21,50,000/-** |

## II. സോഷ്യൽ മീഡിയ പുഷിംഗ് & പ്രൊമോഷൻ

| നമ്പർ | ഐറ്റം | രൂപ |
|---|---|---|
| 1) | കേരളീയം, പേജ് പ്രൊമോഷൻ | 50,000/- |
| 2) | ഫേസ് ബുക്ക് | 2,00,000/- |
| 3) | ഇൻസ്റ്റാഗ്രാം | 4,00,000/- |
| 4) | ഡിജിറ്റൽ മാർക്കറ്റിംഗ് | 15,00,000/- |
| 5) | ആൻഡ്രോയിഡ് ഗെയിം(കേരളീയം ഇവല്യൂഷൻ റൺ) | 6,00,000/- |
| 6) | സോഷ്യൽ മീഡിയ വീഡിയോ മേക്കിംഗ് | 3,00,000/- |
| | **ആകെ** | **30,50,000/-** |

## III.ഓൺലൈൻ കോണ്ടസ്റ്റ്

| നമ്പർ | ഐറ്റം | രൂപ |
|---|---|---|
| 1 | ഓപ്പൺ എയർ മെഗാ ക്വിസ് ഷോ | 7,25,000/- |
| 2 | മധു നവതി | 32000/- |
| 3 | കേരളത്തിലെ വിദേശ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മത്സരം | 1,80,000/- |
| 4 | ഫോസ്റ്ററിംഗ് ഹാർമണി, വെൽക്കമിംഗ് മണിപ്പൂരി സ്റ്റുഡന്റ്സ് | 3,00,000/- |
| 5 | കേരളീയം എലിഗൻസ് മെഗാ ഷോ | 15,00,000/- |
| | **ആകെ** | **27,37,000/-** |

## IV. ഓൺലൈൻ പ്രചാരണങ്ങൾക്ക് സജ്ജീകരണം ഒരുക്കൽ

| നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | വെബ് സൈറ്റ് രൂപ കൽപന, വികസനം | 3,00,000/- |
| 2 | പ്രോഗ്രാം ലൈഫ് സ്ട്രീമിംഗ് (ഒരേ സമയം 50 സ്ട്രീമിംഗ്) | 8,00,000/- |
| 3 | ഡിജിറ്റൽ ന്യൂസ് ലെറ്റർ രൂപ കൽപന, സജ്ജീകരണം (8 ലക്കം) | 2,50,000/- |
| 4 | ബൾക്ക് എസ് എം എസ്(3 ലക്ഷം എസ് എം എസ്) | 50,000/- |
| 5 | ഓൺലൈൻ ക്വിസിൽ പങ്കെടുക്കുന്ന 25000 പേർക്ക് സർവർ ചാർജ്(ഓട്ടോ സ്കെയിലിംഗ് സൗകര്യമുള്ള AWS ചാർജുകൾ | 5,00,000/- |
| 6 | സോഫ്റ്റ് വെയർ - ഓൺലൈൻ ക്വിസ് മൊഡ്യൂളിന്റെ വികസനം | 5,00,000/- |
| | **ആകെ** | **24,00,000/-** |

## V. AR/VR പ്രചാരണം

| നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 3D LED പരസ്യബോർഡ്(ഏഴ് ദിവസത്തേയ്ക്ക്) | 10,00,000/- |
| 2 | AR ബിൽ ബോർഡ് (14 എണ്ണം) | 3,00,000/- |
| 3 | സെലിബ്രിറ്റികൾക്കൊപ്പം ആർട്ടിഫിഷൽ ഇൻറലിജൻസ് അവതാർ(10 എണ്ണം) | 3,00,000/- |
| 4 | സന്ദർശകർക്കുള്ള AR ഡിജിറ്റൽ കാർഡ് | 3,00,000/- |
| | **ആകെ** | **19,00,000/-** |

## VI. ഔട്ട് ഡോർ പബ്ലിസിറ്റി

| നം | ഐറ്റംസ് | രൂപ |
|---|---|---|
| 1 | ഹോർഡിംഗ്സ് | 50,00,000 |
| 2 | മോബൈൽ ഡിസ്പ്ലേ വാൻ | 3,15,000 |
| 3 | ബോർഡ് 15*30 | 2,00,000 |
| 4 | ബോർഡ് 15*30 | 2,80,000 |
| 5 | ബോർഡ് 15*30 | 14,000 |
| | **ആകെ** | **58,09,000** |

## VII.ഔട്ട് ഓഫ് ബോക്സ് കാമ്പയിൻ

| നമ്പർ | ഐറ്റം | രൂപ |
|---|---|---|
| 1 | സെൽഫി ചാലഞ്ച് വിത്ത് ക്യൂ ആർ കോഡ് | 3,00,000 |
| 2 | ടൈംസ് സ്ക്വയർ സ്ക്രീനിംഗ് | 8,29,000 |
| | **ആകെ** | **11,29,000** |

## VIII. ഡിപ്പാർട്ട്മെന്റ് കണക്ക്

| നമ്പർ | ഐറ്റം | രൂപ |
|---|---|---|
| 1. | സ്റ്റിക്കർ(20,000 കോപ്പി) | 2,00,000 |
| 2 | ബാനർ | 20,000 |
| 3 | എസ്.പി.സി. | 27000 |
| | **ആകെ** | **2,47,000** |

## IX ഫീൽഡ് കണക്ക് കാമ്പയിൻ

| നമ്പർ | ഐറ്റം | തുക |
|---|---|---|
| 1. | റോളർ സ്കേറ്റിംഗ് (100 പേർ) | 60,000/- |
| 2 | സൈക്കിൾ റാലി(100 പേർ) | 60,000/- |
| 3 | ഫ്ളാഷ് മോബ് (20 പേർ) | 1, 50,000/- |
| 4 | ബാന്റ് മേളം(ഏഴ് ദിവസം) | 70,000/- |
| 5 | തെരുവ് നാടകവും നാടൻപാട്ടും | 60,000/- |
| 6 | കനോപി ഉപയോഗിച്ചുള്ള പ്രചാരണം | 1,00,000/- |
| 7 | പുലികളി | 2,65,000/- |
| | **ആകെ** | **7,65,000/-** |

**X ഓൺലൈൻ കോമ്പറ്റീഷൻ**

| നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | ഓൺലൈൻ ക്വിസ് | 7,00,000/- |
| 2 | തില്ലാന റീൽസ് കോണ്ടസ്റ്റ് | 2,00,000/- |
| 3 | കുക്കിംഗ് വീഡിയോ കോണ്ടസ്റ്റ് | 2,00,000/- |
| | **ആകെ** | **11,00,000/-** |

**XI മറ്റ് ചെലവുകൾ**

| നമ്പർ | ഐറ്റം | തുക |
|---|---|---|
| 1 | കേരളീയം ലോഗോ പ്രിന്റ് ചെയ്ത ടീ ഷർട്ട് (1000 എണ്ണം) | 2,50,000 |
| 2 | തൊപ്പി (250) | 25,000 |
| 3 | കാമ്പയിനിംഗ് - കുടുംബശ്രീ (തിരുവനന്തപുരത്ത് വിവിധ കേന്ദ്രങ്ങളിൽ) | 4,00,000 |

| | | |
|---|---|---|
| 4 | ലൈവ് ടെലികാസ്റ്റ് (കൾച്ചറൽ പ്രോഗ്രാം) | 23,00,000 |
| 5 | വീഡിയോ ഡോക്യുമെന്റേഷൻ | 45,00,000 |
| 6 | വീഡിയോ പ്രൊഡക്ഷൻ | 80,00,000 |
| 7 | സോഷ്യൽ മീഡിയ ഡിസൈനിംഗ് ചെലവ് | 10,00,000 |
| 8 | പ്രചരണ എക്സിബിഷനുകൾ , മത്സരങ്ങൾ, മറ്റു പ്രചാരണങ്ങൾ | 10,00,000 |
| 9 | ദേശീയ അന്തർദ്ദേശീയ ജേണലിസ്റ്റ് ഫെസിലിറ്റേഷൻ | 11,00,000 |
| | ആകെ | 1,85,75,000 |
| | **ആകെ തുക (I- XI)** | **3,98,62,000/-** |

## 15. പ്രോഗ്രാം കമ്മിറ്റി

| Sl.No. | Purpose | Amount |
|---|---|---|
| 1 | Expense for the inaugural ceremony | 5,00,000/- |
| 2 | Expense for the valedictory ceremony | 6,09,000/- |
| 3 | Expense for souvenir | 5,00,000/- |
| | **Total** | **16,09,000/-** |

**അനുബന്ധം-2**

**കൾച്ചറൽ കമ്മിറ്റിയുടെ വേദി തിരിച്ചുള്ള വിശദാംശങ്ങൾ**

**1. സെൻട്രൽ സ്റ്റേഡിയം**

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | പത്മശ്രീ ശോഭന | ഗുരു ഗോപിനാഥ് നടനഗ്രാമം | 550000 |
| 2 | 02.11.2023 | കേരളപ്പെരുമ | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 858000 |

| | | | | |
|---|---|---|---|---|
| 3 | 03.11.2023 | കാവ്യ 23 മെഗാ കവിതാ ഷോ | മലയാളം മിഷൻ | 412500 |
| 4 | 04.11.2023 | കെ.എസ്. ചിത്ര മെഗാ ഷോ | കൾച്ചറൽ കമ്മിറ്റി | 2200000 |
| 5 | 05.11.2023 | കലാമണ്ഡലം ഡാൻസ് ഫ്യൂഷൻ | കേരള കലാമണ്ഡലം | 385000 |
| 6 | 06.11.2023 | സ്റ്റീഫൻ ദേവസ്സി & മട്ടന്നൂർ ശങ്കരൻ കുട്ടി ഷോ | കൾച്ചറൽ കമ്മിറ്റി | 1320000 |
| 7 | 07.11.2023 | ജയചന്ദ്രൻ ഷോ | കൾച്ചറൽ കമ്മിറ്റി | 10340000 |
| | | **ആകെ** | | **16065500** |

## 2.സൂര്യകാന്തി ഓഡിറ്റോറിയം

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | രൂപ |
|---|---|---|---|---|
| 1 | 01.11.2023 | ആദിവാസി നൃത്തം | വജ്രജൂബിലി ഇടുക്കി | 55000 |
| 2 | 02.11.2023 | ഇടശ്ശേരി പൂതപ്പാട്ട് | ഭാരത് ഭവൻ | 33000 |
| | | ഗദ്ദിക | വജ്രജൂബിലി വയനാട് | 82500 |
| 3 | 03.11.2023 | മാപ്പിള കലാ കൊളാഷ് | വജ്രജൂബിലി, മലപ്പുറം | 88000 |
| 4 | 04.11.2023 | പാദപ്രതിഷ്ഠ- മഹാലക്ഷ്മി | കൾച്ചറൽ കമ്മിറ്റി | 11000 |
| 5 | 05.11.2023 | മംഗലം കളി, കടച്ചോഴി കളി | വജ്രജൂബിലി, പാലക്കാട് | 88000 |
| | | മണ്ണാൻ കൂത്ത് | ഫോക് ലോർ അക്കാദമി | 44000 |
| 6 | 06.11.2023 | ചവിട്ടു നാടകം | വജ്രജൂബിലി, എറണാകുളം | 49500 |
| | | ജൂലിയസ് സീസർ കഥകളിയുടെ അഡാപ്റ്റേഷൻ | സദന ഹരികുമാർ | 110000 |
| | | **ആകെ** | | **561000** |

## 3.മ്യൂസിയം റേഡിയോ പാർക്ക്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | പഞ്ചവാദ്യം | വജ്രജൂബിലി തൃശ്ശൂർ | 69300 |
| 2 | 02.11.2023 | നാടൻ പാട്ട് | വജ്രജൂബിലി തൃശ്ശൂർ | 52800 |
| 3 | 03.11.2023 | ശീതങ്കൻ തുള്ളൽ | കുഞ്ചൻ നമ്പ്യർ | 27500 |
| | | മിഴാവ് മേളം | വജ്രജൂബിലി,ആലപ്പുഴ | 27500 |
| 4 | 04.11.2023 | ഷൈലജ അംബു-ഫോക്ക് ഫെസ്റ്റ് | | 44000 |
| 5 | 05.11.2023 | സെമി ക്ലാസിക്കൽ ഫ്യൂഷൻ | വജ്രജൂബിലി | 38500 |
| 6 | 06.11.2023 | തായമ്പക, പഞ്ചാരിമേളം | മാർഗി | 82500 |
| | | **ആകെ** | | **342100** |

## 4.ഗാന്ധി പാർക്ക്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | പടയണി | വജ്രജൂബിലി പത്തനംതിട്ട | 22000 |
| | | പളിയ നൃത്തം | ഫോക് ലോർ അക്കാദമി | 60500 |
| 2 | 02.11.2023 | മതമൈത്രി ഗാനങ്ങൾ | ഭാരത് ഭവൻ | 33000 |
| | | മുടിയേറ്റ് | വജ്രജൂബിലി എറണാകുളം | 48400 |
| 3 | 03.11.2023 | വഞ്ചിപ്പാട്ട് | വജ്രജൂബിലി പത്തനംതിട്ട | 16500 |
| | | ബാംബൂ മ്യൂസിക് | ഫോക് ലോർ | 60500 |

| | | | | |
|---|---|---|---|---|
| | | | അക്കാദമി | |
| 4 | 04.11.2023 | കഥാപ്രസംഗം | അയിലം ഉണ്ണികൃഷ്ണൻ | 27500 |
| | | നാടൻ പാട്ടുകൾ | ജയചന്ദ്രൻ | 33000 |
| 5 | 05.11.2023 | വിൽപ്പാട്ട് | വജ്രജൂബിലി കോട്ടയം | 38500 |
| | | ജോർദാൻ | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 55000 |
| 6 | 06.11.2023 | അനിത ഷെയ്ഖ് | ഭാരത് ഭവൻ | 33000 |
| | | **ആകെ** | | **427900** |
| | | എല്ലാ ദിവസവും അവസാന 30 മിനിറ്റ് തെയ്യാട്ടങ്ങൾ | | |

## 5.എസ്.എം.വി. സ്കൂൾ

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | രൂപ |
|---|---|---|---|---|
| 1 | 01.11.2023 | കൂടിയാട്ടം, ചാക്യാർ കൂത്ത്, നങ്ങ്യാർകൂത്ത് | മാർഗി | 50600 |
| 2 | 02.11.2023 | സീതകളി,ദഫ് മുട്ട്, കളരിയോഗ നൃത്തം | ഫോക്ക് ലോർ അക്കാദമി | 110000 |
| 3 | 03.11.2023 | അയ്യങ്കാളി ചരിതം | കലാഞ്ജലി | 220000 |
| 4 | 04.11.2023 | പാക്കനാർ തുള്ളൽ | വജ്രജൂബിലി കൊല്ലം | 38500 |
| | | മാർഗം കളി | വജ്രജൂബിലി, കോട്ടയം | 38500 |
| | | ഒപ്പന | ഫോക്ക് ലോർ അക്കാദമി | 38500 |
| 6 | 05.11.2023 | സർപ്പം പാട്ട് | ഫോക്ക് ലോർ അക്കാദമി | 22000 |

| | | | | |
|---|---|---|---|---|
| | | | | |
| 7 | 06.11.2023 | കളിരിപ്പയറ്റ് | ഫോക്ക് ലോർ അക്കാദമി | 33000 |
| | | **ആകെ** | | **551100** |

## 6.യൂണിവേഴ്സിറ്റി കോളേജ്

| ക്രമ നം. | തീയതി | പ്രോഗ്രാം | രൂപ |
|---|---|---|---|
| 1 | 01.11.2023 | കൈരളിയുടെ കഥ(ദൃശ്യ ശ്രവ്യാവിഷ്കാരം) | 220000 |
| 2 | 02.11.2023 | കവിയരങ്ങ് | 110000 |
| 3 | 03.11.2023 | കഥയരങ്ങ് | 110000 |
| 4 | 04.11.2023 | സാഹിത്യസംവാദം-എഴുത്തിലെ നീതിബോധം ഇന്ത്യൻ പശ്ചാത്തലത്തിൽ | 110000 |
| 5 | 05.11.2023 | വനിത എഴുത്തുകാരുടെ സംഗമം-സ്ത്രീപക്ഷഭാവനയും ഭാവുകത്വവും | 110000 |
| 6 | 06.11.2023 | കവി സംഗമം ക്യാമ്പസ് കവിത | 110000 |
| | | **ആകെ** | **770000** |

## 7.കെൽട്രോൺ കോംപ്ലക്സ്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | രൂപ |
|---|---|---|---|---|
| 1 | 01.11.2023 | ചണ്ഡാലഭിക്ഷുകി നൃത്തം | തോന്നക്കൽ കമാരനാശാൻ സ്മാരകം | 55000 |
| 2 | 02.11.2023 | മലയാള കീർത്തനങ്ങൾ | സദനം ഹരികമാർ | 22000 |
| 3 | 03.11.2023 | പറയൻ തുള്ളൽ | കുഞ്ചൻ സ്മാരകം | 27500 |
| 4 | 04.11.2023 | കഥകളി | വജ്രജൂബിലി, പത്തനംതിട്ട | 33000 |
| 5 | 05.11.2023 | നൃത്തം | നടരാജ സ്കൂൾ ഓഫ് | 55000 |

| | | | | |
|---|---|---|---|---|
| | | | ഡാൻസ് | |
| | | ചിത്രാദേവി | ഏകപത്ര നാടകം | 13200 |
| 6 | 06.11.2023 | ഓടക്കുഴൽ സന്ധ്യ | വജ്ജജൂബിലി, ഇടുക്കി | 38500 |
| | | **ആകെ** | | **244200** |

## 8.വിവേകാനന്ദ പാർക്ക്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | കടൽപ്പാട്ടുകൾ | ഭാരത് ഭവൻ | 35200 |
| 2 | 02.11.2023 | ഓട്ടൻ തുള്ളൽ | കുഞ്ചൻ സ്മാരകം | 27500 |
| 3 | 03.11.2023 | യോഗ നൃത്തം | ഗുരു ഗോപിനാഥ് നടനഗ്രാമം | 27500 |
| 4 | 04.11.2023 | കേരളനടനം | ഗുരു ഗോപിനാഥ് നടനഗ്രാമം | 66000 |
| 5 | 05.11.2023 | കുമാരനാശാൻ കഥാപ്രസംഗം | തോന്നയ്ക്കൽ കുമാരനാശാൻ | 38500 |
| | | പടപ്പാട്ടുകൾ | ഭാരത് ഭവൻ | 35200 |
| 6 | 06.11.2023 | കഥ പ്രസംഗം കാൾ മാർക്സ് | | 27500 |
| | | ഗോത്ര സംഗീതിക | ഫോക്ക് ലോർ അക്കാദമി | 44000 |
| | | ഓർക്കസ്ട്ര | ഗുരു ഗോപിനാഥ് നടനഗ്രാമം | 38500 |
| | | **ആകെ** | | **339900** |

## 9.ഭാരത് ഭവൻ എ.സി. ഹാൾ

| ക്രമ നം. | തീയതി | പ്രോഗ്രാം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 01.11.2023 | തോൽപ്പാവക്കൂത്ത് | 330000 |
| 2 | 02.11.2023 | | |
| 3 | 03.11.2023 | | |
| 4 | 04.11.2023 | | |
| 5 | 05.11.2023 | | |
| 6 | 06.11.2023 | | |
| | | **ആകെ** | **330000** |

## 10.ടാഗോർ ഓഡിറ്റോറിയം

| ക്രമ നം. | തീയതി | പ്രോഗ്രാം | തുക |
|---|---|---|---|
| 1 | 01.11.2023 | ഭിന്നശേഷിക്കാരുടെ സാംസ്കാരിക പരിപാടികൾ | 300000 |
| 2 | 02.11.2023 | | |
| 3 | 03.11.2023 | | |
| 4 | 04.11.2023 | | |
| 5 | 05.11.2023 | | |
| 6 | 06.11.2023 | | |
| | | **ആകെ** | **300000** |

## 11.ഭാരത് ഭവൻ മണ്ണരങ്ങ്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | കുട്ടികളുടെ നാടകങ്ങൾ | സംഗീത നാടക | 55000 |
| 2 | 02.11.2023 | | | 55000 |

| | | | | |
|---|---|---|---|---|
| | | | | |
| 3 | 03.11.2023 | | അക്കാദമി | 55000 |
| 4 | 04.11.2023 | | | 55000 |
| 5 | 05.11.2023 | | | 55000 |
| 6 | 06.11.2023 | | | 55000 |
| | | **ആകെ** | | **330000** |

## 12.തൈക്കാട് പോലീസ് ഗ്രൗണ്ട്

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | രൂപ |
|---|---|---|---|---|
| 1 | 01.11.2023 | വനിതാ പൂരക്കളി &വനിതാ അലാമിക്കളി | വള്ളുബിലി, കാസർഗോഡ് | 126500 |
| 2 | 02.11.2023 | പുരുഷ പൂരക്കളി &പുരുഷ അലാമിക്കളി | വള്ളുബിലി, കാസർഗോഡ് | 99000 |
| 3 | 03.11.2023 | വനിതാ കോൽക്കളി & പുരുഷ കോൽക്കളി | വള്ളുബിലി, കാസർഗോഡ് & വള്ളുബിലി കോഴിക്കോട് | 104500 |
| 4 | 04.11.2023 | | | 0 |
| 5 | 05.11.2023 | | | 0 |
| 6 | 06.11.2023 | | | 0 |
| | | ഗ്രൗണ്ട് പ്രോഗ്രാമുകൾ | ഭാരത് ഭവൻ | 1540000 |
| | | എൻസിസി പരേഡ് | | 220000 |
| | | **ആകെ** | | **2090000** |

## 13.സെനറ്റ് ഹാൾ

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | കെ.പി.എ.സി. | രാജീവ് ഒഎൻവി | 110000 |
| 2 | 02.11.2023 | തുഞ്ചൻ പറമ്പിലെ തത്തേ | | 550000 |
| 3 | 03.11.2023 | പെൺ നടൻ | | 22000 |
| 4 | 04.11.2023 | ബീറ്റ്സ് ഓഫ് ട്രിവാൻഡ്രം | | 110000 |
| | | പാവ വീട് | കാളിദാസ കലാകേന്ദ്രം | 82500 |
| 5 | 05.11.2023 | പണ്ട് രണ്ടു കൂട്ടുകാരികൾ | | 22000 |
| 6 | 06.11.2023 | നവോത്ഥാനം | | 82500 |
| | | **ആകെ** | | **979000** |

## 14.പുത്തരിക്കണ്ടം മൈതാനം

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | കൊച്ചിൻ കലാഭവൻ & ജയരാജ് വാര്യർ-നർമ്മ കേരളം | കൾച്ചറൽ കമ്മിറ്റി | 220000 |
| 2 | 02.11.2023 | അലോഷി & ആവണി | | 126500 |
| 3 | 03.11.2023 | പരമ്പരാഗത സംഗീത ഫെസ്റ്റ് ഷിയോൺ | | 82500 |
| 4 | 04.11.2023 | മലകൾ പുഴകൾ | വയലാർ സാംസ്കാരിക വേദി | 110000 |
| 5 | 05.11.2023 | വജ്രോത്സവം | വജ്രജൂബിലി തിരുവനന്തപുരം | 198000 |
| | 06.11.2023 | MBS Coir | കൾച്ചറൽ കമ്മിറ്റി | 33000 |

| | | | | |
|---|---|---|---|---|
| 6 | | | | |
| | | M S Baburaj | സംഗീത നാടക അക്കാദമി | 143000 |
| | | **ആകെ** | | **913000** |

**15.ടാഗോർ**

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | M power with Love | മാജിക് പ്ലാനറ്റ് | 212575 |
| 2 | 02.11.2023 | കേരള നടനം | ഗുരു ഗോപിനാഥ് നടനഗ്രാമം | 165000 |
| 3 | 03.11.2023 | പാരീസ് ലക്ഷ്മി & രൂപ രവീന്ദ്രൻ നൃത്തം | കൾച്ചറൽ കമ്മിറ്റി | 22000 |
| | | കാവ്യകേരളം | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 385000 |
| 4 | 04.11.2023 | മോഹിനിയാട്ടം രാധാ മാധവം | ഗുരു ഗോപിനാഥ് നടനഗ്രാമം | 220000 |
| | | നൃത്തം രാജശ്രീ വാര്യർ | ഗുരു ഗോപിനാഥ് നടനഗ്രാമം | 165000 |
| 5 | 05.11.2023 | വിജ്ഞാന കേരളം വിജയ കേരളം | കേരള സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 55000 |
| 6 | 06.11.2023 | കഥകളി ഡോൺ കിഹോത്തോ | മാർഗി | 176000 |
| | | റിഗാറ്റ | കൾച്ചറൽ കമ്മിറ്റി | 11000 |
| | | **ആകെ** | | **1411575** |

**16.നിശാഗന്ധി**

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | സുര്യ കൃഷ്ണ മൂർത്തിയുടെ പരമ്പരാഗത കലാമേള | ഫോക്ക് ലോർ അക്കാദമി | 825000 |
| 2 | 02.11.2023 | കഥകളി | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 11000 |
| 3 | 03.11.2023 | കേരളം വളരുന്ന നൃത്തം-ഡോ നീന പ്രസാദ് | | 247500 |
| | | പുഷ്പവതി-മ്യൂസിക് വൈബ് | | 247500 |
| 4 | 04.11.2023 | മലയാളപ്പുഴ | ഭാരത് ഭവൻ | 440000 |
| 5 | 05.11.2023 | മോഹിനിയാട്ടം ജയപ്രഭാ മേനോൻ | ഗുരു ഗോപിനാഥ് നടനഗ്രാമം | 165000 |
| | | നേവി ബാൻഡ് സെറ്റ് | | 11000 |
| 6 | 06.11.2023 | നൃത്തം -ലക്ഷ്മി ഗോപാലസ്വാമി | | 440000 |
| | | **ആകെ** | | **2387000** |

## 17.പഞ്ചായത്ത് അസോസിയേഷൻ ഹാൾ

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | സംഗീത പരിപാടി -ആവനി | | 82500 |
| 2 | 02.11.2023 | വന്ദേ ജനനി-അശ്വതി നായർ | ഗുരു ഗോപിനാഥ് നടനഗ്രാമം | 66000 |
| 3 | 03.11.2023 | മിഴാവുമേളം | അഭിജോഷ് കലാമണ്ഡലം | 55000 |
| 4 | 04.11.2023 | മോഹിനിയാട്ടം നൃത്തപ്രകടനം | വള്ളുങ്കബിലി, എറണാകുളം | 58300 |

| | | | | |
|---|---|---|---|---|
| 5 | 05.11.2023 | ചിന്താവിഷ്ടയായ സീത-നൃത്തം | തോന്നയ്ക്കൽ കമാരനാശാൻ സ്മാരകം | 55000 |
| | | എസ് എൻ ചെമ്പഴന്തി | | 110000 |
| 6 | 06.11.2023 | അയ്യപ്പപ്പണിക്കർ ഫൗണ്ടേഷൻ-നൃത്തശിൽപ്പം | | 82500 |
| | | ലൗലി ജനാർദ്ദനൻ മ്യൂസിക് പ്രോഗ്രാം | കൾച്ചറൽ കമ്മിറ്റി | 110000 |
| | | **ആകെ** | | **619300** |

## 18.ബാലഭവൻ

| ക്രമ നം. | തീയതി | പ്രോഗ്രാം | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 01.11.2023 | പറയി പറയാതിരുന്നത് | തിരുവനന്തപുരം ബാലഭവൻ | 82500 |
| 2 | 02.11.2023 | വി.കെ.എസ്. ഗായക സംഘം | | 27500 |
| 3 | 03.11.2023 | ബാലഭവൻ തൃശ്ശൂർ | | 55000 |
| 4 | 04.11.2023 | കുട്ടികളുടെ നാടകം- പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | | 27500 |
| 5 | 05.11.2023 | കുട്ടികളുടെ നൃത്തം | | 93500 |
| 6 | 06.11.2023 | വിൽകലാമേള | | 33000 |
| | | **ആകെ** | | **319000** |

## 19.തെരുവ് വേദികൾ- ആകെ-25,00,000/-